**പതിമൂന്നാം കേരള നിയമസഭ**
**10- ാംസമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 517

07/01/2014 ൽ മറുപടിയ്ക്ക്

**മണ്ണെണ്ണ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ.കെ. വിജയൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജ വകുപ്പ് മന്ത്രി. |
| (എ) മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിലവിലുള്ള മാനദണ്ഡ പ്രകാരം മണ്ണെണ്ണ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങൾ അനുവദനീയമാണോ;<br><br>(ബി) ഇല്ലെങ്കിൽ ഇത്തരത്തിൽ പരിസ്ഥിതി മലിനീകരണം സൃഷ്ടിക്കുന്ന വാഹനങ്ങളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ)<br>(ബി)<br>വാഹനങ്ങളിൽ ഉപയോഗിക്കുന്ന ഇന്ധനം സംബന്ധിച്ച് നിലവിൽ മലിനീകരണ നിയന്ത്രണ ബോർഡ് മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്നില്ല. വാഹന പുക മലിനീകരണ നിയന്ത്രണം ഗതാഗത വകുപ്പിന്റെ നിയമാനുസൃത ചുമതലയാണ്. |
| (സി) ഇത് കാര്യക്ഷമമാക്കുന്നതിന് മോട്ടോർ വാഹന വകുപ്പുമായി യോജിച്ച് പ്രവർത്തിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ? | (സി) മോട്ടോർ വാഹന വകുപ്പിന്റെയും നാറ്റ്പാക്കിന്റേയും (NATPAC) , എഞ്ചിനീയറിംഗ് കോളേജുകളുടേയും സഹായത്തോടുകൂടി ആംബിയന്റ് എയർ മോണിറ്ററിംഗ് (അന്തരീക്ഷ വായു ഗുണനിലവാരം തിട്ടപ്പെടുത്തൽ), വാഹന സർവ്വേ, വാഹന പുക പരിശോധന എന്നിവ 2014 –`15 വർഷത്തെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ